"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തസ്വഭവ - ബഹു. സുപ്രീം കോടതി മുൻപാകെയുള്ള **SLP(C) No. 5979/ 2025 arising out of Diary No.8631/2025** നമ്പർ കേസിൽ അഡ്വ. പി. വി. ദിനേശ്-നെ നിയോഗിച്ച നടപടി മുൻകാലപ്രാബല്യത്തോടെ സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്

സ.ഉ.(സാധാ) നം.2028/2025/LSGD   തീയതി,തിരുവനന്തപുരം, 15-08-2025

---

പരാമർശം:-

1. ബഹു. സുപ്രീം കോടതിയുടെ **SLP(C) No. 5979/2025 arising out of Diary No.8631/2025** നമ്പർ കേസിന്റെ 20/02/2025 -ലെ ഉത്തരവ്
2. അഡ്വക്കേറ്റ് ജനറലിന്റെ 13.05.2025, 28/07/2025 എന്നീ തിയതികളിലെ SN1 OPKAT 173/2024 നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

കൊടകര ബ്ലോക്ക് പഞ്ചായത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ തസ്തികയിൽ സേവനത്തിലിരിക്കവെ 31.05.2013-ൽ വിരമിച്ച ശ്രീ. ഗോപി. വി.ഡി.-യ്ക്ക് പെൻഷൻ കുടിശ്ശിക അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ ബഹു.സുപ്രീംകോടതിയിൽ **SLP(C) No. 5979/2025** നമ്പർ കേസ് ഫയൽ ചെയ്തിരുന്നു. പ്രസ്തുത കേസിൽ ബഹു. സുപ്രീം കോടതി മുമ്പാകെ സർക്കാരിന് വേണ്ടി ഹാജരാകുന്നതിനായി സീനിയർ അഡ്വക്കേറ്റായ അഡ്വ. പി. വി. ദിനേശ്-നെ നിയോഗിച്ച നടപടി മുൻകാല പ്രാബല്യത്തോടെ സാധൂകരിച്ച് നൽകണമെന്ന് പരാമർശം (2)-ലെ 13.05.2025 തീയതി കത്ത് പ്രകാരം അഡ്വക്കേറ്റ് ജനറൽ അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ വിഷയത്തിൽ ബഹു.സുപ്രീംകോടതിയിൽ ഫയൽ ചെയ്തിരിക്കുന്ന **SLP(C) No. 5979/2025** നമ്പർ കേസിൽ 20/02/2025-ന് സർക്കാരിന് വേണ്ടി ഹാജരാകുവാൻ സീനിയർ അഡ്വക്കേറ്റ് ശ്രീ. പി. വി. ദിനേശ്-നെ നിയോഗിച്ച അഡ്വക്കേറ്റ് ജനറലിന്റെ നടപടി മുൻകാലപ്രാബല്യത്തോടെ സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ അദീല അബ്ദുള്ള ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

1) അഡ്വക്കേറ്റ് ജനറൽ, എറണാകുളം

2) വിവരപൊതു ജന സമ്പർക്ക (വെബ് & ന്യൂ മീഡിയ ഡിപ്പാർട്ട്മെന്റ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

3) ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Dipukumar S L
Date: 16-08-2025 17:25:55
സെക്ഷൻ ഓഫീസർ